**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.25.08.2025

# ഓപ്പറേഷൻ "ക്ലീൻ വീൽസ്" എന്ന പേരിൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ തുടർ പരിശോധനകളിൽ വീഴ്ച കണ്ടെത്തിയ 112 ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്യും

സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന് കീഴിലെ ആർ.ടി./എസ്.ആർ.ടി ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും ഏജന്റുമാർ മുഖേന ഉദ്യോഗസ്ഥർ വ്യാപകമായി കൈക്കൂലി വാങ്ങുന്നതായി വിജിലൻസ് ഡയറക്ടർക്ക് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന് കീഴിലെ **17** റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും **64** സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുമായി ആകെ **81** ഓഫീസുകളിൽ ജൂലൈ 19 ന് വൈകുന്നേരം 04.30 മണി മുതൽ സംസ്ഥാന വ്യാപകമായി വിജിലൻസ് മിന്നൽ പരിശോധന നടത്തിയിരുന്നു.

മിന്നൽ പരിശോധനയിൽ, മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകുന്നതിനായി എത്തിയ 11 ഏജന്റുമാരിൽ നിന്ന് **₹1,40,760/-** രൂപ പിടിച്ചെടുക്കുകയും, നിലമ്പൂർ സബ്-റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിസരത്ത് നിന്ന്, വിജിലൻസ് ഉദ്യോഗസ്ഥർ എത്തിയതറിഞ്ഞ് വലിച്ചെറിഞ്ഞ നിലയിൽ **₹49,300/-** രൂപയും, വൈക്കം സബ്-റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജനലിൽ പണം ഒളിപ്പിച്ച് വച്ച നിലയിലും കണ്ടെത്തിയിരുന്നു. വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ യുപിഐ ഇടപാട് പ്രാഥമികമായി പരിശോധിച്ചതിൽ 21 ഉദ്യോഗസ്ഥർ വിവിധ ഏജന്റുമാരിൽ നിന്ന് **₹7,84,598/-**രൂപ നിയമവിരുദ്ധമായി കൈപ്പറ്റിയിരുന്നതായും മിന്നൽ പരിശോധന ദിവസം കണ്ടെത്തിയിരുന്നു.

വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഉദ്യോഗസ്ഥരുടെയും ഏജന്റുമാരുടെയും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടെ ശേഖരിച്ച് വിശദപരിശോധന നടത്തിയതിൽ ഉദ്യോഗസ്ഥർ ഏജന്റുമാരിൽ നിന്നും നേരിട്ടും ബന്ധുക്കളുടെ അക്കൗണ്ട് വഴിയും യു.പി.ഐ മുഖേനെ വ്യാപകമായി കൈക്കൂലിയായി പണം സ്വീകരിച്ചിരുന്നുവെന്ന് കണ്ടെത്തി. മോട്ടോർ വാഹന ഉദ്യോഗസ്ഥർ ഡ്രൈവിംഗ് സ്കൂൾ ഉടമകൾക്കും ഏജന്റുമാർക്കും അനധികൃതമായി സൗകര്യങ്ങൾ ഒരുക്കി നൽകിയിരുന്നുവെന്നും ഇതിന് പ്രതിഫലമായി ആണ് ഏജന്റുമാർ ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകി വന്നിരുന്നതെന്നും പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിവിധ ആർ.ടി./എസ്.ആർ.ടി ഓഫീസുകളിൽ ജോലി നോക്കി വരുന്ന **112** ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ വിജിലൻസ് ചെയ്യും. ഇതിൽ **72** മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിക്കും, ഗുരുതരമായ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയ **40** ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസിന്റെ തുടരന്വേഷണങ്ങൾക്കുമാണ് ശുപാർശ ചെയ്യുന്നത്.

വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായുള്ള തുടർ പരിശോധനകളിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും ഇടനിലക്കാരും തമ്മിൽ അനധികൃത ബന്ധം നിലനിന്നിരുന്നതിലേക്കുള്ള തെളിവുകൾ വിജിലൻസ് കണ്ടെത്തി. ഉദ്യോഗസ്ഥർ അപേക്ഷകരുടെ വിവരങ്ങൾ ഏജന്റുമാർക്കും, ഏജന്റുമാർ തങ്ങളിലൂടെ അപേക്ഷ സമർപ്പിച്ചവരുടെയും, ഡ്രൈവിംഗ് സ്കൂളുകളിലൂടെ ടെസ്റ്റ് അറ്റൻഡ് ചെയ്തവരുടെയും വിവരങ്ങൾ ഉദ്യോഗസ്ഥർക്കും സ്ഥിരമായി വാട്ട്സ്അപ്പ്/ടെലിഗ്രാം എന്നിവകളിലൂടെ കൈമാറിയിരുന്നതായും കണ്ടെത്തി. കൂടാതെ ഏജന്റുമാർ വാട്ട്സ്ആപ്പിലൂടെ അയച്ച് നൽകുന്ന അപേക്ഷകരുടെ അപേക്ഷകളിൽ ഉദ്യോഗസ്ഥർ അനുകൂലമായി നടപടി സ്വീകരിച്ച ശേഷം ഇതിന്റെ വിവരങ്ങൾ തിരികെ വാട്ട്സാപ്പിലൂടെ അയച്ച് നൽകുന്നതും കണ്ടെത്തി.

ഉദ്യോഗസ്ഥർക്കും അവരുടെ ബന്ധുക്കളുടെയും അക്കൗണ്ടിലേക്ക് ഏജന്റുമാർ യു.പി.ഐ മുഖേന കൈക്കൂലി പണം അയച്ച് നൽകുകയും, ഇടപാടുകൾ നടത്തിയതിന്റ സ്ക്രീൻഷോട്ടുകൾ വാട്ട്സാപ്പ് വഴി കൈമാറിയിരുന്നതായും കണ്ടെത്തി. ഇത്തരത്തിൽ പണം കൈമാറുന്നതിനായി ചില സ്ഥാപനങ്ങളുടെ വരെ ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ചിരുന്നതിനുമുള്ള തെളിവികളും വിജിലൻസിന് ലഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഒരു എസ്.ആർ.ടി.ഒ യിലെ ഉദ്യോഗസ്ഥർ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഉടമകൾക്ക് ഓഫീസിലെ വിരമിക്കൽ ചടങ്ങിൽ നൽകുന്നതിനായി 4 സ്വർണ്ണ മോതിരം വാങ്ങുന്നതിനും, റോഡ് സുരക്ഷാ വാരാചരണത്തോട് അനുബന്ധിച്ചുള്ള

പരിപാടികൾക്കായി പോസ്റ്റർ അടിക്കുന്നതിനും ആവശ്യപ്പെട്ട് വാട്ട്ആപ്പ് മുഖേന മെസേജ് അയച്ചിരിക്കുന്നതായും കണ്ടെത്തി.

ഭൂരിഭാഗം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും ഡ്രൈവിംഗ് സ്കൂളുകളിൽ കൃത്യമായി പരിശോധനകൾ നടത്തി ക്രമക്കേടുകളിൽ നടപടി സ്വീകരിക്കാറില്ലായെന്നും, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ലൈസൻസില്ലാതെ വരെ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വിജിലൻസ് കണ്ടെത്തി. പല ജില്ലകളിലും ഡ്രൈവിംഗ് പരിശീലനത്തിനും ടെസ്റ്റിനുമായി ഉപയോഗിക്കുന്ന പല വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷ്വറൻസ്, പൊല്യൂഷൻ സർട്ടിഫിക്കേറ്റ് തുടങ്ങിയവ ഇല്ലായെന്നും, ഡ്രൈവിംഗ് സ്കൂൾ ഉടമകളിൽ നിന്നും കൈക്കൂലി സ്വീകരിക്കുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥർ ഈ വാഹനങ്ങൾ പരിശോധന നടത്തി നിയമനടപടി സ്വീകരിക്കാറില്ലായെന്നും വിജിലൻസ് പരിശോധനയിൽ കണ്ടെത്തി. ഡ്രൈവിംഗ് ടെസ്റ്റുകൾ ക്യാമറയിൽ റെക്കോഡ് ചെയ്യണമെന്ന നിർദ്ദേശം ഒട്ടുമിക്ക ഡ്രൈവിംഗ് ടെസ്റ്റ് നടക്കുന്ന സ്ഥലങ്ങളിലും ചെയ്യാറില്ലായെന്നും ഭൂരിഭാഗം ക്യാമറകളും പ്രവർത്തന രഹിതമായി കാണപ്പെട്ടിട്ടുള്ളതുമാണ്. ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വിജിലൻസ് ശുപാർശ നൽകും.

മലപ്പുറം ജില്ലയിലെ ഒരു എസ്.ആർ.ടി ഓഫീസിൽ ഏജന്റുമാർ മുഖേനെയല്ലാതെ അപേക്ഷകർ നേരിട്ട് സമർപ്പിച്ച 384 അപേക്ഷകൾ ഉദ്യോഗസ്ഥർ റിജക്ട് ചെയ്തതായും മിക്ക ആർ.ടി/എസ്.ആർ.ടി ഓഫീസുകളിലും അപേക്ഷകർ നേരിട്ട് നൽകുന്ന അപേക്ഷകളിൽ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതെ വൈകിപ്പിക്കുന്നതായും, ഏജന്റുമാർ മുഖേന വരുന്ന അപേക്ഷകളിൽ സീനിയോറിട്ടി മറികടന്ന് വളരെ വേഗത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതായും പരിശോധനകളിൽ കണ്ടെത്തി. ചില ഓഫീസുകളിൽ ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള പണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററുകളിൽ രേഖപ്പെടുത്താറില്ലായെന്നും, അറ്റൻഡൻസ് രജിസ്റ്ററുകളിലും മൂവ്മെന്റ് രജിസ്റ്ററുകളിലും കൃത്യമായി രേഖപ്പെടുത്തൽ നടത്താറില്ലായെന്നും പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ മിന്നൽ പരിശോധന ദിവസം ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയ ശേഷം മതിയായ അനുമതി നേടാതെ ഓഫീസിൽ കാണപ്പെടാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് നടപടിക്ക് ശുപാർശ ചെയ്യും. ഇടനിലക്കാർക്ക് മോട്ടോർ വാഹന ഓഫീസുകളിൽ പ്രവേശനം നിയന്ത്രിച്ചിട്ടുണ്ടെങ്കിലും മിക്ക മോട്ടോർ വാഹന ഓഫീസുകളിലും ഏജന്റുമാർക്കും ഡ്രൈവിംഗ് സ്കൂൾ ഉടമകൾക്കും സർവ്വസ്വാതന്ത്ര്യത്തിനും സൈ്വര്യ വിഹാരത്തിനും ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നതായും പരിശോധനകളിൽ കണ്ടെത്തി. വയനാട് ജില്ലയിലെ ഒരു എസ്.ആർ.ടി ഓഫീസിൽ

അപേക്ഷയോടൊപ്പം ഏജന്റിന്റെ ശുപാർശ കത്തും വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തി.

ഗുരുതരമായ അഴിമതിയും ക്രമക്കേടുകളും നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് തുടർ അന്വേഷണങ്ങൾ നടത്തി ശക്തമായി നിയമനടപടികൾ സ്വീകരിക്കുമെന്നും മറ്റ് ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ മോട്ടോർ വാഹന വകുപ്പ് മുഖേന സ്വീകരിപ്പിക്കുമെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അറിയിച്ചു. അഴിമതിക്കും ക്രമക്കേടുകൾക്കും കൂട്ടു നിൽക്കുന്ന മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥർ വിജിലൻസിന്റെ നിരീക്ഷണത്തിലാണെന്നും ഇത്തരക്കാർക്കെതിരെ തുടർന്നും വിജിലൻസ് കർശന നടപടികൾ സ്വീകരിക്കുമെന്നും വിജിലൻസ് ഡയറക്ടർ അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.